# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2968** **07-10-2025 - ൽ മറുപടിയ്ക്ക്**

## കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫെൻസിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ 20 കി. മീ. ദൂരത്തിൽ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള 1.6 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആർ.കെ.വി.വൈ സ്കീമിൽപ്പെടുത്തി കൃഷി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമായാൽ സാങ്കേതിക അനുമതിയോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുവാൻ സാധിക്കും<br>കൂടാതെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കക്കയം വാലി ഭാഗത്ത് വനം വകുപ്പിന്റെ നേതൃത്വത്തിൽ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2 കി. മീ. ദൂരത്തിൽ സോളാർ പവ്വർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായി 6.2 ലക്ഷം രൂപ അടങ്കൽ തുക മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളെന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിക്കുകയും പൊതുമരാമത്ത് റോഡരികിലൂടെ മേൽ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി താൽകാലികമായി നിർത്തിവച്ചിരിക്കുകയാണ് . ആയത് പുനരാരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (ബി) | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ 20 കി. മീ. ദൂരത്തിൽ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള 1.6 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആർ.കെ.വി.വൈ സ്കീമിൽപ്പെടുത്തി കൃഷി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമായാൽ സാങ്കേതിക അനുമതിയോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുവാൻ സാധിക്കും<br>കൂടാതെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കക്കയം വാലി ഭാഗത്ത് വനം വകുപ്പിന്റെ നേതൃത്വത്തിൽ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2 കി. മീ. ദൂരത്തിൽ സോളാർ പവ്വർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായി 6.2 ലക്ഷം രൂപ അടങ്കൽ തുക മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളെന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിക്കുകയും പൊതുമരാമത്ത് റോഡരികിലൂടെ മേൽ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി താൽകാലികമായി നിർത്തിവച്ചിരിക്കുകയാണ് . ആയത് പുനരാരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ